"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ്- അച്ചടി വകുപ്പിനുകീഴിലുള്ള വിവിധ ശാഖാ പ്രസ്സ് മേധാവികൾക്കും, ജില്ലാ ഫോറം ഓഫിസർമാർക്കുമുള്ള പെറ്റി എക്സ്പെൻസിന്റെ ധനവിനിയോഗ പരിധി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.113/2023/SPD തീയതി,തിരുവനന്തപുരം, 06-10-2023

---

പരാമർശം:-

1. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.06.2022, 30.07.2022, 22.05.2023 എന്നീ തീയതികളിലെ PTGD/1095/2022-B3 നമ്പർ കത്തുകൾ.
2. 31.10.2022 ലെ സ.ഉ(സാധാ) 71/2022/എസ്.പി.ഡി നമ്പർ ഉത്തരവ്.
3. 15.09.2023 -ാം തീയതി കൂടിയ എംപവേർഡ് കമ്മിറ്റി യോഗതീരുമാനം.

**ഉത്തരവ്**

അച്ചടി വകുപ്പിന് കീഴിലുള്ള വിവിധ ശാഖാപ്രസ്സുകളിലും ജില്ലാ ഫോറം സ്റ്റോറുകളിലും അച്ചടിക്കാവശ്യമായ സാധന സാമഗ്രഹികളും ബുക്കുകളും ഫോറങ്ങളും ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്ന് കയറ്റുന്നതിനും ഇറക്കി അട്ടിയിടുന്നതിനുമുള്ള കൂലിയായി അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് നൽകുന്നതിനും ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒടുക്കുന്നതിനും "2058-00-103-99-00-05-04-other items" എന്ന ശീർഷകത്തിലെ നിലവിലെ തുക അപര്യാപ്തമാണെന്നും കൂടാതെ അച്ചടി വകുപ്പിലെ അടിയന്തര സാഹചര്യങ്ങളിൽ നിർവ്വഹിക്കുന്ന ജോലികൾ മറ്റ് ഓഫീസ് ചെലവുകൾ മുതലായവക്കുള്ള തുകകളും കണ്ടെത്തേണ്ടുന്നത് ടി ശീർഷകത്തിൻ നിന്നാണെന്നും പ്രസ്തുത സാഹചര്യത്തിൽ അച്ചടി വകുപ്പിനുകീഴിലുള്ള വിവിധ ശാഖാ പ്രസ്സ് മേധാവികൾക്കും, ജില്ലാ ഫോറം ഓഫിസർമാർക്കുമുള്ള 2058-00-103-99-00-05-04--Other items എന്ന ശീർഷകത്തിലെ പെറ്റി എക്സ്പെൻസിന്റെ ധനവിനിയോഗ പരിധി യഥാക്രമം 1000/-രൂപയും, 500/-രൂപയുമാണ് ആയത് യഥാക്രമം 5000/-രൂപയും, 2000/-രൂപയും, ആക്കി ഉയർത്തണമെന്ന് പരാമർശം (1) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) ധനവിനിയോഗ പരിധി വർധിപ്പിക്കുന്നത് സംബന്ധിച്ച് സൂചന 2 പ്രകാരം ധനകാര്യ വകുപ്പിന്റെയും ,ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റി സൂചന 3 യോഗത്തിൽ ഇക്കാര്യം പരിശോധിക്കുകയും പരിധി കൂട്ടുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എംപവേർഡ് കമ്മിറ്റിയുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിനുകീഴിലുള്ള വിവിധ ശാഖാ പ്രസ്സ് മേധാവികൾക്കും, ജില്ലാ ഫോറം ഓഫിസർമാർക്കുമുള്ള 2058-00-103-99-00-05-04--Other items എന്ന ശീർഷകത്തിലെ പെറ്റി എക്സ്പെൻസിന്റെ ധനവിനിയോഗ പരിധി യഥാക്രമം 5000/-രൂപയും, 2000/-രൂപയുമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ട് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Bindu V K

Date: 06-10-2023 15:11:17

സെക്ഷൻ ഓഫീസർ